ട്ടില്ല. അപേക്ഷ സമർപ്പിച്ചാൽ നിലവിലുള്ള വ്യവസ്ഥകൾക്കനുസരണമായി അർഹമായ തുക, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണ്.

114 (1846) കൃഷി ആവശ്യത്തിന് വൈദ്യുതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ ;
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാർക്ക് എന്തെല്ലാം സൗജന്യങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷമായി സർക്കാർ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് വൈദ്യുതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷി ആവശ്യത്തിന് വൈദ്യുതി നൽകുന്ന നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് ഭേദഗതിയ്ക്ക് വിധേയമാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ പമ്പുസെറ്റുകൾ വിതരണം ചെയ്യുന്നതിനും കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി യഥാസമയം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ ടില്ലറുകൾ മറ്റു കൃഷി ഉപകരണങ്ങളും വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉല്പാദനോപാധികളായ വിത്ത്, വളം, കീടനാശിനി, കാർഷിക യന്ത്രോപകരണങ്ങളായ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, സ്പ്രെയർ എന്നിവ സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് നൽകി വരുന്നുണ്ട്. നെൽക്കൃഷിയ്ക്ക് പൂർണ്ണമായും രണ്ടു ഹെക്ടർവരെയുള്ള ഇതര കൃഷിക്കും വൈദ്യുതി സൗജന്യം നൽകുന്നുണ്ട്. കിണർ, പമ്പുസെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം, നെൽക്കൃഷിയ്ക്ക് ഉല്പാദന ബോണസ് എന്നിവയും കൃഷിക്കാർക്ക് നൽകി വരുന്നു.

(ബി) കാർഷിക കണക്ഷനുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വൈദ്യുതി ബോർഡ് ഓഫീസിൽ ഹാജരാക്കണം. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ ടാർജറ്റിന്റെ പരിധിയില്ലാതെ മുന്തിയ മുൻഗണനയിൽ നൽകുന്നുണ്ട്. ഒ.വൈ.ഇ.സി.തുക അടച്ച് മുൻഗണന മറികടന്നും കണക്ഷൻ നൽകുന്നതാണ്. സർവ്വീസ് കണക്ഷൻ ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും കാർഷിക കണക്ഷനുകളെ ഒഴിവാക്കിയിട്ടുണ്ട്. 20,000 രൂപ വരെ ചെലവു വരുന്ന കണക്ഷൻ ജോലികൾ വൈദ്യുതി ബോർഡിന്റെ ചെലവിൽ ചെയ്തു കൊടുക്കും. 20,000 രൂപയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ വരുന്ന തുകയ്ക്ക് മിനിമം ഗ്യാരണ്ടി വ്യവസ്ഥയുണ്ട്. ഒന്നിൽ കൂടുതൽ ഗുണഭോക്താക്കൾ ആണ് താല്ക്കാലിക മിനിമം ഗ്യാരണ്ടി വ്യവസ്ഥ വെക്കുന്നതെങ്കിൽ 20,000 രൂപ കുറച്ച് ബാക്കി തുകയ്ക്ക് മാത്രം മിനിമം ഗ്യാരണ്ടി വെച്ചാൽ മതി. മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ ഒപ്പുവെച്ചവരിൽ അമ്പതു ശതമാനത്തിൽ കുറയാത്ത ഉപഭോക്താക്കൾ പമ്പ്സെറ്റ് സ്ഥാപിച്ചു കഴിഞ്ഞാൽ മിനിമം ഗ്യാരണ്ടി ജോലി പൂർത്തിയാക്കി കണക്ഷൻ നൽകുന്നതുമാണ്.

(സി) നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമാണെന്ന് കരുതുന്നില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ചെറുകിട കൃഷിക്കനുയോജ്യമായ യന്ത്രവൽക്കരണവും കാർഷിക എൻജിനീയറിംഗ് സേവനവും എന്ന പദ്ധതി വഴി ട്രാക്ടുകൾ, ടില്ലറുകൾ, മെതിയന്ത്രം എന്നിവ കർഷക സമിതികൾക്ക് ധനസഹായം നൽകി ലഭ്യമാക്കുന്നുണ്ട്. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം എന്ന പദ്ധതിയനുസരിച്ച് ചെറുകിട കർഷകർക്ക് ട്രാക്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിന് വിലയുടെ മൂന്നിലൊന്നോ പരമാവധി 30,000 രൂപയോ നൽകുന്നുണ്ട്. സംയോജിത നെൽക്കൃഷി വികസന പദ്ധതി വഴിയും ടില്ലറുകൾ വിതരണം ചെയ്യുന്നുണ്ട്.

115 (1847) കേരഫെഡിന്റെ പ്രവർത്തനം

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ ;
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരഫെഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരഫെഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് കേരഫെഡ് പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേരഫെഡിന്റെ പ്രവർത്തനം ലാഭത്തിലാക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാളികേര കൃഷിവികസനം, ഉൽപ്പാദനം, കേര കർഷകർക്കു പരിശീലനം, അംഗസംഘങ്ങൾക്ക് പരിശീലനം, അംഗസംഘങ്ങളുടെ വികസന പ്രവർത്തനം, പുതിയ അംഗസംഘങ്ങളുടെ രജിസ്ട്രേഷൻ, അവയ്ക്ക് പ്രവർത്തന മൂലധനം നൽകുക, പ്രവർത്തന സൗകര്യങ്ങൾ വികസിപ്പിക്കുക,

LIBRARY ARCHIVES Kerala Legislative Assembly